1

# സർവ്വശക്തനായ ദൈവം ഉണ്ടോ?

ഒരു വീട് അടിസ്ഥാനത്തേക്കാൾ വലുതല്ല. അടിസ്ഥാനത്തെ ആശ്രയിച്ചാണ് വീടിന്റെ എല്ലാ വ്യത്യസ്ത ഭാഗങ്ങളും യോജിച്ച് നില്ക്കുന്നത്.

ഒരു വീടിനു അടിസ്ഥാനം ഏതുപോലെയോ, അങ്ങനെയാണ് ജീവിതത്തെ സംബന്ധിച്ച് "സർവ്വ ശക്തനായ ദൈവം ഉണ്ടോ?" എന്ന ചോദ്യം. ജീവിതത്തെക്കുറിച്ചുള്ള നമ്മുടെ ചിന്തകൾക്കു നിറവും വ്യാഖ്യാനവും കൊടുക്കുന്നത് ദൈവത്തിലുള്ള നമ്മുടെ വിശ്വാസം അല്ലെങ്കിൽ ആ വിശ്വാസത്തിൽ നിന്നു രൂപപ്പെടുത്തിയ അടിസ്ഥാനമാണ്.

അതുകൊണ്ട്, ഒരാൾക്കു ചോദിക്കാവുന്ന ഏറ്റവും നിഗൂഢമായ ചോദ്യമാണ് "ദൈവം ഉണ്ടോ?" എന്നത്. ഈ ചോദ്യത്തിന് പ്രാധാന്യമേറുവാൻ കാരണം ഇതിനുള്ള ഉത്തരം ജീവിതത്തെക്കുറിച്ചുള്ള എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരത്തെ ബാധിക്കുന്നതായതുകൊണ്ടാണ്.

ഉദാഹരണമായി, ഒരാൾ ഈ ചോദ്യത്തിന് ഉത്തരമായി പറഞ്ഞേക്കാം, "ഇല്ല, ദൈവം ഇല്ല." പിന്നെ, ഈ മനുഷ്യൻ "ഞാൻ എങ്ങനെ ഈ ലോകത്ത് ജീവിക്കുന്നു?" എന്ന ചോദ്യത്തിന് ഉത്തരമായി, "ഞാൻ ഏതു വിധേനെയും ജീവിക്കും. എങ്കിലും, ഞാൻ ഒരു സൃഷ്ടിയല്ല, ഉയർന്ന അധികാരത്തോട് കണക്കുകൊടുക്കേണ്ടവനും അല്ല ഞാൻ. എനിക്ക് കടപ്പാടുള്ളത് എന്റെ സഹമനുഷ്യനോടുള്ള ക്രിയാത്മകമായ സന്തോഷത്തിന് സഹായിക്കുക എന്നതു മാത്രമാണ്. ഇതിനപ്പുറമായി, ഞാൻ എന്തു ചെയ്യുന്നുവോ അത് എന്നെ സംബന്ധിക്കുന്ന കാര്യമാണ്. മരണശേഷം ഞാൻ ജീവിക്കാത്തതുകൊണ്ട്, എനിക്ക് ജീവിതത്തിൽ നിന്ന് കഴിയുന്നത്ര

ഊറ്റിയെടുക്കാൻ കഴിയും."

ഇപ്പോൾ ആ മനുഷ്യൻ, "ദൈവമുണ്ടോ?" എന്ന ചോദ്യത്തിന് ഉത്തരമായി, "ഉണ്ട്, ദൈവം ഉണ്ട്." അവന് തികച്ചും വ്യത്യസ്ത മായ ഉത്തരമാണ് ഇപ്പോഴുള്ളത്. "ഞാൻ എങ്ങനെ ഈ ലോകത്ത് ജീവിക്കും?" ഈ ചോദ്യത്തിന് പ്രതികരണമായി അവൻ പറഞ്ഞേ ക്കാം, "എന്നെ ഒരു സർവ്വശക്തൻ സൃഷ്ടിച്ചതാണ്. എന്റെ നില നിൽപ്പിന് അവന് വ്യക്തമായ ഉദ്ദേശമുണ്ട്. ആ ഉദ്ദേശം ഞാൻ കണ്ടെത്തണം. അവന്റെ ഇഷ്ടം കണ്ടെത്തി എന്റെ ജീവിതത്തെ സംബന്ധിച്ച സൃഷ്ടികർത്താവിന്റെ ഉദ്ദേശത്തെ മനസ്സിലാക്കിയാൽ മനസ്സമാധാനത്തോടെ ജീവിക്കാം. ഒരു ദിവസം ഞാൻ ഈ ലോകത്ത് ജീവിച്ചതിന് കണക്കുകൊടുക്കാൻ അവൻ വിളിക്കും."

ഈ ചോദ്യം നമുക്ക് ശ്രദ്ധയോടെ പരിഗണിക്കാം, "സർവ്വശ ക്തനായ ദൈവം ഉണ്ടോ?" ദൈവം ഉണ്ട് എന്ന് വിശ്വസിക്കുന്ന തിന് നിർബന്ധിതമായ കാരണങ്ങൾ ഉണ്ടോ? ദൈവം ഉണ്ടോ എന്ന വാദത്തോടെയല്ല ബൈബിൾ തുടങ്ങുന്നത്. വാസ്തവത്തിൽ ദൈവ ത്തെക്കുറിച്ചു ഉറപ്പോടെയാണ് അതു തുടങ്ങുന്നത്: "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" (ഉല്പത്തി 1:1). ബൈബിളിൽ ഉടനീളം ദൈവം ഉണ്ട് എന്നതിനു ബുദ്ധിപൂർവ്വമായ തെളിവുകൾ ഉണ്ട്. ചിലതു നേരിട്ടും, മറ്റുള്ളവ അന്തർലീനവുമാണ്; ചിലതു തെളിവായി പറഞ്ഞിട്ട്, മറ്റുള്ളവ അന്തർലീനമായും പറ ഞ്ഞിട്ടുണ്ട്. അവയിൽ പലതും നമുക്കു ചുരുക്കി രണ്ടായി പരിഗ ണിക്കാം. ഈ രണ്ടു കാരണങ്ങളെ നിങ്ങൾ ആഴമായി ചിന്തിച്ചാൽ ദൈവം വാസ്തവത്തിൽ ഉണ്ടെന്നു വിശ്വസിക്കാനിടയാകും.

## ലോകത്തിന്റെ തെളിവ്

നമുക്കു ചുറ്റും മുകളിലുമുള്ള ലോകമാണ് ദൈവം വാസ്തവ ത്തിൽ വിശ്വസിക്കുവാൻ നിർബന്ധിക്കുന്നത്. പ്രപഞ്ചവും ഭൂമിയും ദൈവം ഉണ്ടെന്ന് സ്പഷ്ടമായി പ്രഖ്യാപിക്കുന്നു.

ഭൂമി എന്നു വിളിക്കുന്ന ഗോളത്തിലാണ് നാം ജീവിക്കുന്നത്. സൂര്യനു ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്ന ഒരു സംവിധാനത്തിന്റെ ഭാഗമാണ്. ഈ സംവിധാനത്തിന്റെ ക്രമവും ആകൃതിയും ചോദ്യം ചെയ്യപ്പെടാത്തതാണ്. എല്ലാ ഗ്രഹങ്ങളും അന്യോന്യം ഓടി അടു ക്കാതെ അവയുടെ ഭ്രമണ പഥത്തിൽ തന്നെ സ്ഥിതി ചെയ്യുന്നു. ശരിയായ വേഗത്തിലും ശരിയായ ദൂരത്തിലും കൂട്ടിമുട്ടാതെയുമാണ് അവ സൂര്യനെ വലയം ചെയ്യുന്നത്. സൂര്യ

നോടുള്ള ഭൂമിയുടെ ബന്ധത്തിന്റെ ഫലമാണ് പകൽ, രാത്രി, കാലം എന്നിവ. സൂര്യനിൽ നിന്നു എപ്പോഴും ഒരു നിശ്ചിത ദൂരത്തിൽ തന്നെ ആയിരിക്കും. നാം സൂര്യനിൽ നിന്നു വളരെ ദൂരെ ആയാൽ, നാം തണുത്തുറയും; ഏറ്റവും അടുത്തായാലോ, നാം വെന്തുപോകും.

നമുക്കപ്പുറം ശൂന്യാകാശത്ത് ധാരാളം സൗരയൂഥങ്ങൾ ഉള്ളതായി നമ്മുടെ ശാസ്ത്രജ്ഞന്മാർ പറഞ്ഞിട്ടുണ്ട്. പ്രപഞ്ചത്തിന്റെ വ്യാപ്തിപോലും തീർച്ചയായും നമുക്ക് അറിഞ്ഞുകൂടാ. അതിന്റെ വക്കോളം എത്താൻ നമ്മുടെ ടെലെസ്കോപ്പുകൾക്കു കഴിയില്ല; അതിന്റെ വീതി നമ്മുടെ മനസിലും ഒതുങ്ങുകയില്ല. പ്രപഞ്ചത്തെക്കുറിച്ചു അധികമൊന്നും നമുക്ക് അറിഞ്ഞുകൂടെങ്കിലും, അതിനെക്കുറിച്ചു ഒരു കാര്യം നമുക്കു തീർച്ചയായും അറിയാം - അതു ഒരു പ്രപഞ്ചമായി ക്രമമായി ആകൃതിയും ചിട്ടപ്പെടുത്തിയിരിക്കുന്നു. അതു ആകസ്മികമായതോ കുഴപ്പം പിടിച്ചതോ അല്ല; അതു യോജിച്ചു സംഘടിതമായിരിക്കുന്നു.

അതിനെ സംബന്ധിച്ച് രണ്ടിൽ ഒരു തീർപ്പിലെത്തുവാൻ പ്രപഞ്ചം പ്രേരിപ്പിക്കുന്നു: ഒന്നുകിൽ അതിനെ നിർമ്മിച്ചതാകാം. അല്ലെങ്കിൽ യാദൃശ്ചികമായി ഉണ്ടായതാകാം. പ്രപഞ്ചം ആകസ്മികമായുണ്ടായതാണെന്ന് ഒരാൾ തർക്കിച്ചാൽ, പ്രപഞ്ചം യാദൃശ്ചികമായി ഉണ്ടായി എന്നോ അല്ലെങ്കിൽ ഒരു പൊട്ടിത്തെറിയുടെ ഫലമായുണ്ടായതാണെന്നോ അയാൾക്കു തീർപ്പാക്കേണ്ടി വരും. ഈ രണ്ടു മുഖ്യതീർപ്പുകളിൽ, യുക്തമായ ഒരു കാര്യം പ്രപഞ്ചം സൃഷ്ടിച്ചതാണ് എന്നത്രേ. ഒന്നുമില്ലായ്മയിൽ നിന്നാണ് എന്നു ആത്മാർത്ഥതയോടെ ഒരാൾക്കു എങ്ങനെ വിശ്വസിക്കാൻ കഴിയും? ഈ രണ്ടു മുഖ്യതീർപ്പുകളിൽ, പ്രപഞ്ചം സൃഷ്ടിച്ചതാണെന്നു മാത്രമാണ് യുക്തിക്കു നിരക്കുന്നത്. ഒരു പൊട്ടിത്തെറിയുടെ ഫലമായിട്ട് പ്രപഞ്ചമുണ്ടായി എന്നു നാം ബുദ്ധിപൂർവ്വകമായി എങ്ങനെ വിശ്വസിക്കും?

ഒരാൾ തന്റെ കയ്യിൽ ഒരു പുസ്തകവുമായി എന്റെ അടുക്കൽ വരുന്നു എന്ന് വിചാരിക്കുക. അയാൾ ആ പുസ്തകം എന്റെ കയ്യിൽ തന്നു നോക്കുവാൻ പറഞ്ഞു. ഞാൻ അതു പരിശോധിക്കാൻ തുടങ്ങി. അതിന്റെ മുൻപിലെ കവർ പേജിൽ "ക്രൂഡെൻസ് കംപ്ലീറ്റ് കൺകോഡെൻസ്" എന്നു കണ്ടു. പ്രസാധകന്റെ പേർ "സോണ്ടെർ വാൻ" എന്നും ഞാൻ ശ്രദ്ധിച്ചു. ഞാൻ പേജുകളിലൂടെ വിരലോടിച്ചപ്പോൾ, കെ.ജെ.വി ഇംഗ്ലീഷ് ബൈബിളിലെ പേരുകൾ,

സ്ഥലങ്ങൾ, പദപ്രയോഗങ്ങൾ എല്ലാം അക്ഷരമാല ക്രമത്തിൽ എഴുതി അതിന്റെ നേരെ വാക്യങ്ങളും അച്ചടിച്ചിരിക്കുന്നതു കണ്ടു. പുസ്തകത്തിന്റെ കവറിൽ ഏതാണ്ട് 200,000 വാക്യങ്ങൾ പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതായി കണ്ടു. ഞാൻ ആ മനുഷ്യനോട്, “ഈ പ്രസാധക കമ്പനി കണ്ടു പിടിച്ചു ഈ പുസ്തകം കിട്ടുമോ എന്നും ഞാൻ നോക്കും” എന്നു പറഞ്ഞേക്കാം.

ആ മനുഷ്യൻ പിന്നെ പറഞ്ഞു, “നിങ്ങൾക്കു ഇതിന്റെ പകർപ്പ് വാങ്ങുവാൻ സാദ്ധ്യമല്ല. ഈ പുസ്തകം സോണ്ടെർവാനോ അലക്സാണ്ടർ ക്രൂഡനോ പ്രസിദ്ധീകരിച്ചതല്ല, ഇതു യാദൃശ്ചികമായി ഉണ്ടായതാണ്. ഞങ്ങൾ ഇതു പൂർണ്ണമായി കണ്ടതാണ്. ഇതു ഒന്നുമില്ലാതെ ആയി തീർന്നതാണ്. അപ്പോൾ ആ മനുഷ്യനോട് ഞാൻ പറയും, “നിങ്ങൾ പറയുന്നതു ഈ പേരുകളും, സ്ഥലങ്ങൾ അത്രയും, പദപ്രയോഗങ്ങളും ഇംഗ്ലീഷ് ബൈബിളിൽ നിന്നു ആരും ചേർക്കാതെ പെട്ടെന്നുണ്ടായി എന്നാണോ? 200,000 വാക്യങ്ങൾ ഒന്നുമില്ലായ്മയിൽ നിന്നു വന്നു എന്നാണോ നിങ്ങൾ പറയുന്നത്? ഈ പുസ്തകം അച്ചു നിരത്താതെ, അച്ചടിക്കാതെ, ബൈന്റ് ചെയ്യാതെ ഇങ്ങനെ ആയി എന്നാണോ നിങ്ങൾ പറയുന്നത്?”

ആ മനുഷ്യൻ ഇങ്ങനെ മറുപടി പറഞ്ഞാൽ, “അതെ, അതാണ് ഞാൻ പറയുന്നത്.” ഞാൻ പിന്നെ പറയും, “നിങ്ങൾക്കു തെറ്റു പറ്റി എന്നെനിക്ക് അറിയാം. ഒരു മനുഷ്യൻ എന്ന നിലയിൽ ഞാൻ നിങ്ങളെ ബഹുമാനിക്കുന്നു, പക്ഷെ ഈ പുസ്തകത്തിന്റെ ഉത്ഭവത്തെക്കുറിച്ച് നിങ്ങൾ പറഞ്ഞതു സ്വീകരിക്കാൻ എന്റെ വിവേചനാശക്തി സമ്മതിക്കുന്നില്ല. ഈ പുസ്തം ഇങ്ങനെ ആകസ്മികമായി ഉണ്ടായതല്ല എന്നു തെളിയിക്കാൻ ഭയം കൂടാതെ കഴിയും.” ആ മനുഷ്യനോടുള്ള എന്റെ ഉത്തരത്തിൽ എനിക്കു ഉറപ്പുണ്ട്, കാരണം ഈ പുസ്തകത്തിന്റെ ഉത്ഭവത്തെക്കുറിച്ചു മറ്റു തീർപ്പിലെത്താൻ എന്റെ വിവേചനാശേഷി എന്നെ അനുവദിക്കയില്ല.

വേറൊരാൾ എന്റെ അടുക്കൽ വന്ന് ഒരു റേഡിയോ എന്റെ കയ്യിൽ തന്നു. ആ മനുഷ്യൻ എന്നോട്, “ഈ റേഡിയോവിൽ നോക്കാൻ പറഞ്ഞു. അതിനടിയിൽ കറണ്ടിൽ പ്രവർത്തിക്കുന്നതിന് ഒരു കോഡുണ്ട്, വൈദ്യുതിയുടെ സഹായത്താൽ ആ റേഡിയോ പ്രവർത്തിപ്പിച്ച് നിങ്ങൾക്കു കേൾക്കാം. ആ റേഡിയോയുടെ അടിഭാഗത്ത് ഒരു തരം ബാറ്ററിയുണ്ട്. ഭാവിയിലെ ഉപയോഗത്തിന് നിങ്ങൾ വൈദ്യുതിയിൽ പ്രവർത്തിപ്പിക്കുമ്പോൾ ബാറ്ററി ഊർജ്ജം

ശേഖരിക്കും. അങ്ങനെ, വൈദ്യുതിയില്ലാതിരിക്കെ, വൈദ്യുതിയിൽ പ്രവർത്തിപ്പിക്കുന്ന കോഡു കൂടാതെ തന്നെ നിങ്ങൾക്കു റേഡിയോ കേൾക്കാം. ഇതു വീട്ടിലും യാത്രയിലും ഉപയോഗിക്കാം." ഞാൻ പറഞ്ഞേക്കാം, "ഇതു വളരെ ഉപയോഗപ്രദമായ ഒന്നാണ്. ഞാൻ കുറെ യാത്ര ചെയ്യുന്നുണ്ട്, ഇതുപോലെയുള്ള റേഡിയോ എനിക്കു വളരെ ഉപകാരപ്രദമാണ്. എനിക്കു ഇതുപോലൊന്നു വാങ്ങിക്കാമോ എന്നു ഞാൻ നോക്കട്ടെ" എന്നു പറയും.

ആ മനുഷ്യൻ ഇങ്ങനെ പറയുന്നുവെന്നു വിചാരിക്കുക, "ഓ, ഇല്ല. ഈ റേഡിയോ നിങ്ങൾക്കു വാങ്ങുവാൻ സാദ്ധ്യമല്ല. ഇതുണ്ടാക്കിയതല്ല. ഇതു തനിയെ ഉണ്ടായതാണ്. അധികം ദൂരെയല്ലാതെ ഒരു കമ്പനിയിൽ എല്ലാത്തരം സാധനങ്ങളും - പ്ലാസ്റ്റിക്, ലോഹം, മരം, തുടങ്ങിയവയുണ്ട്. ആ കെട്ടിടത്തിൽ ആഴ്ച്ചകൾക്കു മുൻപ് ഒരു പൊട്ടിത്തെറിയുണ്ടായി. ഈ വസ്തുക്കൾ എല്ലാം മുകളിലേക്ക് പൊങ്ങി. വായുവിൽ വെച്ച് അവയിൽ ചിലതു ഒന്നിച്ചു ചേർന്നു, എങ്ങനെയോ അതു ഇതുപോലെ താഴെ വീണു. പൊട്ടിപൊളിഞ്ഞ കെട്ടിടത്തിന്റെ അവശിഷ്ടങ്ങളുടേയും പാറക്കഷണങ്ങളുടേയും മദ്ധ്യേ ഈ റേഡിയോ ഞങ്ങൾ കണ്ടു. ഇതു രൂപപ്പെടുത്തിയതോ, ഉണ്ടാക്കിയതോ അല്ല; ഈ പൊട്ടിത്തെറിയുടെ ഫലമാണിത്." ഞാൻ ആ മനുഷ്യനോട് പറയും "ഈ റേഡിയോ രൂപപ്പെടുത്തി വൈദഗ്ദ്യത്തോടെ ഉണ്ടാക്കിയതല്ലാ എന്നാണോ നിങ്ങൾ പറയുന്നത്? കുഴപ്പം പിടിച്ച അവസ്ഥയിൽ യാദൃശ്ചികമായി ഒരു ബുദ്ധിയും കൂടാതെ ഉണ്ടായതാണ് ഈ റേഡിയോ എന്നാണോ നിങ്ങൾ പറയുന്നത്?" ആ മനുഷ്യൻ വീണ്ടും അതൊരു സ്ഫോടനഫലമായുണ്ടായതാണെന്നു പറഞ്ഞാൽ ഞാൻ അയാളോട് പറയും "റേഡിയോയെ സംബന്ധിച്ച് നിങ്ങൾക്കു തെറ്റു പറ്റി. ചിന്തിക്കുന്ന ഒരു മനുഷ്യനും അത്തരം തീർപ്പിൽ എത്താവുന്നതല്ല. ഈ റേഡിയോ ഉണ്ടായി എന്നതു വിശ്വസിക്കാൻ എനിക്കു കഴിയുകയില്ല." ആ മനുഷ്യനോടുള്ള പ്രതികരണത്തിൽ ഞാൻ തികച്ചും ക്രിയാത്മകമായിരിക്കും. എന്റെ വിവേചനാശക്തി മറിച്ചു തീർപ്പാക്കുവാൻ എന്നെ അനുവദിക്കയില്ല.

ആ പുസ്തകത്തിന്റേയും റേഡിയോയുടേയും കാര്യത്തിനേക്കാൾ കൂടുതൽ ഉറപ്പോടെ പ്രപഞ്ചത്തിന്റെ കാര്യത്തിൽ നമുക്ക് ഉറപ്പിക്കാം. ഒരു ശാസ്ത്രീയ അലങ്കാര വർണ്ണനക്കോ വാക്കുകൾക്കോ വിശ്വസിപ്പിക്കാവുന്ന ഒന്നല്ല പ്രപഞ്ചം സ്പോടനഫല

മായി ഉണ്ടായി എന്നത്. ഒരു പുസ്തകവും റേഡിയോയും രൂപപ്പെടുത്തിയ യന്ത്രവിദ്യ ഉപയോഗിക്കുന്നതിനേക്കാൾ ഉയർന്ന രീതിയിൽ രൂപപ്പെടുത്തി ഉണ്ടാക്കേണ്ടതാണ് പ്രപഞ്ചം. ഒരു പുസ്തകവും റേഡിയോയും യാദൃശ്ചികമായോ പൊട്ടിത്തെറിയുടെ ഫലമായോ ഉണ്ടായതെന്നു വിശ്വസിക്കാൻ കഴിയുകയില്ലെങ്കിൽ ഈ പ്രപഞ്ചം ഒന്നുമില്ലായ്മയിൽ നിന്നു മനസു കൂടാതെ വസ്തുക്കളിൽ നിന്നു പെട്ടെന്നുണ്ടായി എന്നു പറഞ്ഞാൽ എങ്ങനെ വിശ്വസിക്കും? വിശദമായി പ്രപഞ്ചത്തെ മനസിലാക്കിയ എല്ലാവരും വളരെ അത്ഭുതകരമായും സങ്കീർണ്ണമായും സൂക്ഷ്മത്തോടെ രൂപപ്പെടുത്തിയതാണ് ഈ പ്രപഞ്ചം എന്നു തിരിച്ചറിയും.

കാര്യകാരണ വിവേചനത്താൽ നാം തീർപ്പാക്കിയത്, ബൈബിൾ ഊന്നി പറയുന്നു. സങ്കീർത്തനങ്ങൾ 19:1 പറയുന്നു, “ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശ വിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു.” മറ്റൊരു വിധത്തിൽ പറഞ്ഞാൽ, രാത്രി നാം ഇരുന്നു തെളിഞ്ഞ ആകാശത്തിലേക്കു നോക്കിയാൽ നക്ഷത്രക്കൂട്ടങ്ങളെ കാണുമ്പോൾ നാം മനോഹരമായ ആരാധനാ ശുശ്രൂഷയിലേതു പോലെ തോന്നും. ഇരുണ്ട ആകാശവും അസംഖ്യം നക്ഷത്രങ്ങളും ഉപദേഷ്ടാവും. നാം ഇടവകയാണ്. ആഡിറ്റോറിയം നാം ഇരിക്കുന്ന പുൽപ്പുറമാണ്. ഉപദേഷ്ടാവ് ശാന്തമായി പക്ഷെ സ്പഷ്ടമായി പ്രഖ്യാപിക്കും നക്ഷത്രങ്ങൾ സംഭവിച്ചതല്ല, അവ സൃഷ്ടിക്കപ്പെട്ടതാണെന്ന്. ആകാശം ദൈവ മഹത്വത്തെ വർണ്ണിക്കുന്നു. നാം ആരാധനാ ശുശ്രൂഷ കഴിഞ്ഞു പോകുമ്പോൾ, നാം പറയും, “ഈ ഉപദേഷ്ടാവിൽ നിന്നു കേട്ട സന്ദേശം ശരിയായിരിക്കും. മറ്റൊന്നും ഇതിനെതിരായി വിശ്വസിക്കാൻ എന്റെ വിവേചനാശക്തി അനുവദിക്കുന്നില്ല.”

പുതിയ നിയമ എഴുത്തുകാരിൽ ഒരാളായ, പൗലൊസ് എഴുതി, “അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോക സൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടു വരുന്നു; അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിന്നു തന്നേ” (റോമർ 1:20). പ്രപഞ്ചത്തിലെ കാണുന്നവയും സ്പർശിക്കാവുന്നവയുമായ വസ്തുക്കൾ അദൃശ്യമായ, ദൈവകരങ്ങൾ പിന്നിലുണ്ടെന്നു വരുന്നു. അവ, അവന്റെ സർവ്വശക്തിയെയും അസാമാന്യ സ്വഭാവത്തെയും വെളിപ്പെടുത്തുന്നു. പൊതുവിലുള്ള വെളിപ്പാടിലൂടെയും നാം ദൈവം ഉണ്ടെന്നു പഠിക്കുന്നു - നമുക്കു ചുറ്റുപാടും ഉള്ള ലോകം. പൗലൊസ് പറ

ഞ്ഞു, “എങ്കിലും അവൻ നന്മ ചെയ്കയും, ആകാശത്തു നിന്നു മഴയും ഫലപുഷ്ടിയുള്ള കാലങ്ങളും, നിങ്ങൾക്കു തരികയും ആഹാരവും സന്തോഷവും നല്കി നിങ്ങളെ തൃപ്തരാക്കയും ചെയ്തു പോന്നതിനാൽ തന്നെക്കുറിച്ചു സാക്ഷ്യം തരാതിരുന്നിട്ടില്ല” (പ്രവൃത്തി 14:17). നമ്മുടെ ഗ്രഹമായ ലോകവും പ്രപഞ്ച ലോകവും ദൈവം ഉണ്ടെന്നു സാക്ഷ്യപ്പെടുത്തുന്നു.

കുട്ടികളുടെ പ്രചാരത്തിലിരിക്കുന്ന കഥയിൽ, റോബിൻസൺ ക്രൂസോവ് ഒരു ഒറ്റപ്പെട്ട ദ്വീപിൽ കപ്പൽച്ചേതത്തിൽ അകപ്പെട്ടു. അവൻ കടൽക്കരയിലെത്തിയപ്പോൾ, അവൻ പെട്ടെന്ന് രക്ഷപ്പെട്ട മറ്റുള്ളവരെ നോക്കി. ആരെയും കണ്ടില്ല. ആ അപകടത്തിൽ അവൻ മാത്രമെ രക്ഷപ്പെട്ടുള്ളു. അവൻ ആ ദ്വീപു മുഴുവൻ നോക്കിയിട്ടും ഒരു മനുഷ്യനേയും കണ്ടില്ല. താൻ മാത്രമാണ് ആ ദ്വീപിൽ ഉള്ളതെന്നു അവൻ മനസ്സിലാക്കി. ശിഖരങ്ങൾകൊണ്ടും തടികൾകൊണ്ടും അവനായി ഒരു വീടുണ്ടാക്കി. ആ ദ്വീപിൽ വളർന്ന കാട്ടു പഴങ്ങൾ പറിച്ചു തിന്നു. ഭക്ഷണത്തിനും വസ്ത്രത്തിനും വന്യമൃഗങ്ങളെ പതിയിരുന്നു കൊന്നു. ഒരിക്കൽ അവൻ കടൽക്കരയിലൂടെ നടന്നുപോയപ്പോൾ, മൃദുവായ മണലിൽ മറ്റൊരു മനുഷ്യന്റെ കാൽപ്പാടുകൾ കണ്ടു. അവൻ ഉടനെ മുന്നിൽ ഒരു കാര്യം തീർച്ചപ്പെടുത്തി: ഒരുപക്ഷേ ആരെങ്കിലും ആ അടയാളം ഉണ്ടാക്കി പൊയ്ക്കളഞ്ഞു കാണും. അല്ലെങ്കിൽ ആ കാല്പാദങ്ങൾ പതിഞ്ഞ ആൾ മരിച്ചു പോയിരിക്കാം, ക്രൂസോ അയാൾ മരിച്ചു കിടക്കുന്നതു കാണുകയും ചെയ്തേക്കാം. ഒരു പക്ഷെ ആ കാൽപ്പാടുകൾക്കുടമ ഇപ്പോഴും ജീവിച്ചിരുന്നേക്കാം. താനല്ലാതെ മറ്റൊരാൾ ആ ദ്വീപിൽ ഉണ്ട് എന്നതു അയാളെ സന്തോഷിപ്പിച്ചു. കാലടികൾ അതു തെളിയിച്ചു. അതിൽ നിന്നു അവനു അതു ഉറപ്പിക്കാമായിരുന്നു. അവൻ ആ ദ്വീപു മുഴുവൻ അന്വേഷിച്ചു, ക്രമേണ, ഒരു വെള്ളിയാഴ്ച്ച ആ കാൽപ്പാടുകൾ ഉണ്ടാക്കിയ ആളെ അവൻ കണ്ടെത്തി. അവനെ കണ്ട ആ ദിവസമായ ഫ്രൈഡേ എന്നവനു പേരുമിട്ടു.

ആ കഥാപുസ്തകത്തിലെ കഥാപാത്രമായ റോബിൻസൺ ക്രൂസോയെപ്പോലെയാണ് നാമും. നമുക്കു മുൻപിൽ ഭൂമിയുടെ, നക്ഷത്രങ്ങളുടെ, സൂര്യന്റെ, ചന്ദ്രന്റെ എല്ലാം അടയാളങ്ങൾ ഉണ്ട്. ഈ അടയാളങ്ങൾ സർവ്വശക്തൻ ഉണ്ടാക്കിയതാണ്. ക്രൂസോ ആ കാൽപ്പാടുകളെ നോക്കി അത് ഒന്നുമില്ലായ്മയിൽ നിന്നും വന്നതാണെന്ന് തീർപ്പാക്കിയെങ്കിൽ അവൻ വിഡ്ഢിയാകുമായിരുന്നു. അതുപോലെ, ഭൂമിയും പ്രപഞ്ചവും, ഒന്നുമില്ലായ്മയിൽ നിന്ന്

ഇങ്ങനെ ആകസ്മികമായ് സംഭവിച്ചതാണെന്ന് സങ്കൽപ്പിച്ചാൽ അത് ബുദ്ധിശൂന്യവും അജ്ഞതയും മാത്രമെ ആകൂ.

നമുക്കുചുറ്റും മുകളിലും ഉള്ള ലോകം നമുക്ക് ഒരേ ഒരു തീർപ്പാണ് നല്കുന്നത്: അത് ഭൗതിക പ്രപഞ്ചത്തിന്റെ മുകളിൽ പിന്നെ, സർവ്വശക്തനായ ദൈവമാണുള്ളത്. ആ പുസ്തകവും, റേഡിയോയും സ്ഫോടനഫലമായുണ്ടായതല്ല എന്ന് വിശ്വസിക്കുന്നതുപോലെ ഇതിലും നമുക്കുറപ്പിക്കാവുന്നതാണ്.

## മനുഷ്യന്റെ തെളിവ്

രണ്ടാമത്, മനുഷ്യന്റെ സാന്നിദ്ധ്യത്തിലൂടെ വരുന്ന തെളിവ് കൊണ്ട് ദൈവം ഉണ്ട് എന്നു നമുക്ക് വിശ്വസിക്കാൻ കഴിയുന്നു. മനുഷ്യസാന്നിദ്ധ്യം ദൈവസാന്നിദ്ധ്യത്തെ പ്രഖ്യാപിക്കുന്നു.

ഭൗതിക പ്രപഞ്ചത്തേക്കാൾ വലുതും അത്ഭുതകരവുമാണ് മനുഷ്യൻ. അവന്റെ ബുദ്ധിശക്തികളെക്കുറിച്ച് ചിന്തിക്കുക. അവന് വിവേചിക്കാൻ, വിശ്വസിക്കാൻ, സ്നേഹിക്കാൻ, സ്വപ്നം കാണാൻ, പദ്ധതി തയ്യാറാക്കുവാനും നടപ്പിലാക്കുവാനും കഴിയുന്നു. നാലിലധികം ഭാഷകൾ ഒഴുക്കായി സംസാരിക്കാൻ കഴിയുന്നവരുണ്ട്. ഒരു വ്യക്തിയുടെ തലച്ചോറിലെ ഒരു കോശം നമുക്കുണ്ടാക്കാൻ കഴിയുന്ന ഏറ്റവും നല്ല കംപ്യൂട്ടറിനേക്കാൾ കൂടുതൽ സങ്കീർണ്ണമാണ്.

മനുഷ്യന്റെ ആത്മീയ സ്വഭാവത്തെ ചിന്തിക്കുക. മനുഷ്യൻ എപ്പോഴും ആരാധനാശീലമുള്ളവനാണ്. പുരാതന ആളുകൾ പോലും ഏതോ അദൃശ്യശക്തിയെ ആരാധിച്ചിരുന്നവരാണ്. മനുഷ്യനിൽ ഇന്ദ്രിയങ്ങളുണ്ട്. അവനിൽ ധാർമ്മികമായ മനസ്സാക്ഷിയുണ്ട്. ചിലപ്പോൾ ഈ മനസ്സാക്ഷിയെ സംസ്ക്കരിച്ചതാകയില്ല, എന്നാൽ അത് എല്ലായ്പ്പോഴുമുണ്ട് താനും.

മനുഷ്യന്റെ ഭൗതിക ശരീരം നോക്കുക. നിങ്ങൾ ആയുഷ്ക്കാലമെടുത്ത് മനുഷ്യശരീരത്തിലെ ഒരു അവയവത്തെ പരീക്ഷണ നിരീക്ഷണത്തിന് വിധേയമാക്കിയാൽ അത് ഒരിക്കലും അന്ത്യം കാണുകയില്ല.

ജീവിതത്തെക്കുറിച്ച് ചോദിക്കുക. നമുക്ക് അത് ഉണ്ടാക്കാൻ കഴിയുകയില്ല. അത് മരിക്കുമ്പോൾ നമുക്ക് നവീകരിക്കുവാനും സാദ്ധ്യമല്ല. നമുക്ക് അതിന് മുൻഗണനയിൽ വിശദീകരിക്കാനും, പൂർണ്ണമായി നിയന്ത്രിക്കുവാനും സാദ്ധ്യമല്ല. മനുഷ്യന്റെ മനോഹാരിത അവന്റെ നിർമ്മാതാവിന്റെ സാന്നിദ്ധ്യത്തെ പ്രഖ്യാപിക്കുന്നു.

ജീവന്റെ ഉൽപ്പത്തിയെക്കുറിച്ച് അറിയപ്പെട്ട ഒരു പ്രഫസർ ക്ലാസ്സെടുക്കുമ്പോൾ നാം അതിൽ ശ്രദ്ധയോടെ ഇരിക്കുന്നു എന്നു വിചാരിക്കുക. അവൻ വിശദീകരിക്കുന്ന ശാസ്ത്രനാമങ്ങളും മറ്റും വിട്ടുകൊണ്ട്, ചുരുക്കത്തിൽ അവൻ പറയുന്നു, “ആരംഭത്തിൽ ഒരുതരത്തിലുള്ള ഒരുകോശം ഉണ്ടായിരുന്നു, അതിന് ഒരു തരത്തിലുള്ള ജീവനും ഉണ്ടായിരുന്നു. അത് വർദ്ധിച്ചു പെരുകി, വളരുകയും, അഭിവൃദ്ധി പ്രാപിക്കുകയും ചെയ്തു. ഒരുതരത്തിലുള്ള കടൽ ജീവിയായി മാറി. അത് വർദ്ധിച്ചു, വളർന്ന്, അഭിവൃദ്ധിപ്രാപിച്ചു. ഒരു തരത്തിലുള്ള ഭൂചരജന്തു വന്നു. അത് വർദ്ധിച്ച്, വളർന്നു, അഭിവൃദ്ധിപ്പെട്ടു. അവസാനം, ദശലക്ഷക്കണക്കിന് വർഷങ്ങൾ പിന്നിട്ടപ്പോൾ, ആ ജന്തുക്കൾ മനുഷ്യരായി രൂപാന്തരപ്പെട്ടു.”

നാം പ്രഫസറെ ശ്രദ്ധിക്കുമ്പോൾ അയാളുടെ സിദ്ധാന്തം പരിഹരിക്കപ്പെടാതെ മൂന്ന് പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നു. അവ അപ്രധാനമെന്ന രീതിയിൽ പറയേണ്ട ആവശ്യമില്ല എന്ന രീതിയിൽ അയാളത് വിട്ടുകളയുന്നു, എന്നാൽ ഈ പ്രശ്നങ്ങളോടുള്ള അയാളുടെ പെരുമാറ്റം ആ സിദ്ധാന്തം സ്വീകരിക്കുവാൻ അസാദ്ധ്യവും യുക്തിരഹിതവും ആണ്. ജീവന്റെ ഉൽപ്പത്തിയെക്കുറിച്ചുള്ള സിദ്ധാന്തമാണ് ആദ്യപ്രശ്നം. അയാളുടെ സിദ്ധാന്തം കരുതുന്നത് ജീവൻ ഉണ്ടായത് ഒന്നുമില്ലായ്മയിൽ നിന്നാണ് എന്നത്രേ. ഒരു പുസ്തകമോ, റേഡിയോയോ ഒന്നുമില്ലായ്മയിൽനിന്ന് വന്നു എന്ന് വിശ്വസിക്കുവാൻ അസാദ്ധ്യമാണെന്നതിനേക്കാൾ, ജീവിതം വളരെയധികം സങ്കീർണ്ണമായതത്രേ. മനുഷ്യന് ഒരു പുസ്തകവും റേഡിയോയും ഉണ്ടാക്കാം, എന്നാൽ അവന് ഒരു ജീവൻ ഉണ്ടാക്കാൻ സാദ്ധ്യമല്ല. എന്നിട്ടും ജീവൻ ഒന്നുമില്ലായ്മയിൽ നിന്നു വന്നു എന്ന പ്രഫസറുടെ വാദം വിശ്വസിക്കുവാൻ ആവശ്യപ്പെടുകയാണ്.

പ്രകൃതി നിയമത്തിന്റെ സാന്നിദ്ധ്യത്തെ വിശദീകരിക്കലാണ് രണ്ടാമത്തെ പ്രശ്നം. പ്രൊഫസറുടെ സിദ്ധാന്തം കരുതുന്നത് പ്രകൃതി നിയമം ഒന്നുമില്ലായ്മയിൽ നിന്ന് വന്നു എന്നതാണ്. നമ്മുടെ ലോകം പ്രകൃതി നിയമങ്ങളാൽ ഭരിക്കപ്പെടുന്നു. നിങ്ങൾ നിങ്ങളുടെ ശരീരത്തിലേക്ക് ഏതെങ്കിലും വിധത്തിൽ ആഹാരവും ജലവും എത്തിച്ചില്ലെങ്കിൽ, നിങ്ങൾ മരിക്കും. ഈ നിയമത്തെ മറികടക്കാനോ അവഗണിക്കാനോ സാധ്യമല്ല. അതിൽനിന്ന് ഒഴിവുകഴിവുമില്ല. നിങ്ങൾ ഉറങ്ങിയില്ലെങ്കിൽ നിങ്ങളുടെ ശരീരം തളർന്ന് ശേഷിയില്ലാതാകും. നിങ്ങൾക്ക് ഈ നിയമത്തെ ലംഘിക്കാവുന്നതല്ല. മരണത്തെക്കുറിച്ചുള്ള പ്രകൃതിനിയമത്തെ അതിജീവിക്കാനും

സാദ്ധ്യമല്ല. മനുഷ്യന്റെ മരണനിരക്ക് 100 ശതമാനമാണ്. അതിന് ഒഴിവുകഴിവില്ല. പ്രകൃതി നിയമങ്ങൾ ആകസ്മികമായുണ്ടായത് എന്നാണ് പ്രൊഫസറുടെ സിദ്ധാന്തത്തിൽ അന്തർലീനമായിരിക്കുന്നത്.

മൂന്നാമത്തെ പ്രശ്നം കുടുംബത്തിന്റെ നിലനില്പിനെക്കുറിച്ചുള്ള വിശദീകരണമാണ്. കുടുംബങ്ങളാൽ നിർമ്മിതമാണ് മനുഷ്യവർഗ്ഗം. കുടുംബം നിലവിലില്ലാതിരുന്ന കാലത്തെ മനുഷ്യചരിത്രത്തെ രേഖപ്പെടുത്തിയതായി നമുക്ക് കാണാൻ കഴിയില്ല. സ്ത്രീ പക്വതയിലെത്തിയ സമയത്ത് തന്നെ പുരുഷനും പക്വതയിലെത്തി എന്ന് നമ്മെ വിശ്വസിപ്പിക്കയാണ് ആ പ്രൊഫസർ. സ്ത്രീയും പുരുഷനും സൗഹൃദബന്ധത്തിലായി കുടുംബബന്ധം തുടർച്ചയായി നടത്തിക്കൊണ്ടു പോരുന്ന രേഖയാണ് ചരിത്രത്തിലുള്ളത്. പുരുഷൻ സ്ത്രീയിൽ നിന്ന് വ്യത്യസ്തനും, സ്ത്രീ പുരുഷനിൽ നിന്ന് വ്യത്യസ്തയും ആണ്; എങ്കിലും അവർ ഒരുപോലെ പൊരുത്തപ്പെട്ടും കൂട്ടായും കാണുന്നു. പ്രൊഫസർ പറയുന്നത് അവർ ഒരേ സമയത്ത് പക്വതയിലെത്തി എന്നും തൽഫലമായി കുടുംബമായി തീർന്നു എന്നുമാണ്. മറ്റൊരു വാക്കിൽ, അയാൾ വാദിക്കുന്നത് ഒന്നുമില്ലായ്മയിൽനിന്ന് കുടുംബം വന്നു എന്നാണ് - അതായത് യാദൃശ്ചികമായി അങ്ങനെ സംഭവിച്ചു.

മനുഷ്യകുടുംബം, പ്രകൃതി നിയമം, ജീവൻ ഇവ ഒന്നുമില്ലായ്മയിൽ നിന്നു വന്നു എന്ന് വിശ്വസിക്കാൻ നമ്മുടെ മനസ്സ് നമ്മെ അനുവദിക്കുന്നില്ല. പ്രത്യേകഉദ്ദേശത്തിനായി മനുഷ്യനെ സർവ്വശക്തൻ ഈ ഭൂമിയിൽ മനുഷ്യനെ സൃഷ്ടിച്ചാക്കി എന്ന് മനസ്സിലാക്കുന്നതാണ് മനുഷ്യന്റെ നിലനില്പ്പിന്റെ യുക്തി.

വിവേകത്താൽ നമുക്ക് തീർപ്പാക്കാൻ കഴിയുന്നത്, ബൈബിൾ വ്യക്തമായി പ്രഖ്യാപിക്കുന്നു. ബൈബിളിലെ ആദ്യ അദ്ധ്യായത്തിൽ നമ്മോട്, ""അനന്തരം ദൈവം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; ..."" (ഉല്പത്തി 1:26). ബൈബിൾ പ്രകാരം മനുഷ്യജീവൻ വന്നത് ദൈവജീവനിൽ നിന്നുമാണ്. നമ്മളോട് പിന്നെയും പറഞ്ഞിരിക്കുന്നു, "ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, ദൈവത്തിന്റെ സ്വരൂപത്തിൽ അവരെ സൃഷ്ടിച്ചു ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു; 'നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞ് അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിൽ നിന്നും ആകാശത്തിലെ പറവജാതി

യിൽ നിന്നും സകല ഭൂചര ജന്തുവിന്മേലും വാഴ്വിൻ എന്ന് കല്പിച്ചു’” (ഉല്പത്തി 1:27, 28). ദൈവം മനുഷ്യന് തന്റെ രൂപമായ, ആത്മീയമായ രൂപം നല്കി. ആണും പെണ്ണുമായി മനുഷ്യരെ ഉണ്ടാക്കി, അവൻ കുടുംബത്തെ രൂപപ്പെടുത്തി. ദൈവം എല്ലാ ഭൗതിക ജീവനേയും വാഴേണ്ടതിന് പ്രകൃതി നിയമങ്ങളും ഉണ്ടാക്കി.

ദൈവികകാരണത്താലും സർവ്വശക്തന്റെ കരത്താലും സൃഷ്ടിക്കപ്പെട്ടതാണ് മനുഷ്യജീവൻ എന്ന് കാര്യകാരണ സഹിതം നാം സമ്മതിക്കണം. മടികൂടാതെ, നമുക്ക് പറയാൻ കഴിയും, “നീയല്ലോ എന്റെ അന്തരംഗങ്ങളെ നിർമ്മിച്ചത്, എന്റെ അമ്മയുടെ ഉദരത്തിൽ നീ എന്നെ മെടഞ്ഞു. ഭയങ്കരവും അതിശയവുമായി നീ എന്നെ നിർമ്മിച്ചിരിക്കയാൽ ഞാൻ നിനക്ക് സ്തോത്രം ചെയ്യുന്നു; നിന്റെ പ്രവൃത്തികൾ അത്ഭുതകരമാകുന്നു; അത് എന്റെ ഉള്ളം നല്ലവണ്ണം അറിയുന്നു” (സങ്കീർത്തനങ്ങൾ 139:13,14).

ഒരു മിഷനറി ഒരിക്കൽ പറഞ്ഞു, “ലോകത്തിന്റെ പല രാജ്യങ്ങളിലും ഞാൻ പോയിട്ടുണ്ട്, എല്ലാ രാജ്യങ്ങളിലും എനിക്ക് ഒരേ അനുഭവം ഉണ്ടായിട്ടുണ്ട്. ഉദാഹരണമായി, കുട്ടികളെ പഠിപ്പിക്കുമ്പോൾ രണ്ട് അധികം രണ്ട് സമം നാല്, എന്നാണ് എല്ലാവരും ഉത്തരം പറയുന്നത്. അവർ ചിന്തിച്ച് ഇത് തന്നെയാണ് ശരി എന്ന് തീർപ്പാക്കുന്നു. ഇത് സത്യമാണെന്ന് അവരുടെ മനസ്സിലെ ആശയഗതി എത്തിക്കുന്നു. അതുപോലെ, ഈ രാജ്യങ്ങളിലെ ആളുകളോട് ദൈവം ഭൂമിയെ, പ്രപഞ്ചത്തെ, മനുഷ്യനെ, സൃഷ്ടിച്ചു എന്ന് പഠിപ്പിക്കുമ്പോൾ ആ ആശയം ശരിയായിരിക്കണം എന്ന തീർപ്പിൽ അവർ എത്തണം. അവരുടെ മനസ്സിൽ ആ സത്യത്തെ സ്വീകരിക്കുവാനുള്ള ഉപദേശത്തിൽ അവർ എത്തിച്ചേരണം. ഈ പ്രതികരണമാണ് എല്ലാ ദേശത്തും ഞാൻ പോയിട്ടുള്ള രാജ്യങ്ങളിലും എത്തിയിട്ടുള്ളത്.”

മനുഷ്യന്റെ നിലനില്പ്പിനെക്കുറിച്ച് നിങ്ങൾ ചിന്തിച്ചാൽ - അതി ന്റെ ജീവിതം, ബുദ്ധി, ആത്മീയ സ്വഭാവം, ധാർമ്മിക മനസാക്ഷി, ഭൗതിക ശരീരം - അവൻ യാദൃശ്ചികമായി ഉണ്ടായതല്ല എന്നും, സർവ്വശക്തനാൽ സൃഷ്ടിക്കപ്പെട്ടതാണെന്നും അറിയാം. മനുഷ്യന്റെ നിലനില്പ്പ് അത് തെളിയിക്കുന്നു.

## ഉപസംഹാരം

നാം പരിഗണിച്ചതായ രണ്ട് തെളിവുകളും ആഴത്തിൽ ചിന്തിക്കുക - ലോകത്തിന്റെ തെളിവും മനുഷ്യന്റെ തെളിവും. അവ

നല്കുന്ന തീർപ്പ് ബൈബിളിൽ പറയുന്ന നിഷേധിക്കാൻ പറ്റാത്ത തീർച്ചയുള്ള ഒന്നാണ്, "ദൈവമില്ല എന്ന് മൂഢൻ, 'തന്റെ ഹൃദയ ത്തിൽ പറയുന്നു'" (സങ്കീർത്തനങ്ങൾ 14:1).

നമ്മെ സൃഷ്ടിച്ചാക്കിയ ദൈവം ഒരിക്കൽ നാം ജീവിതത്തിൽ ചെയ്തതിന് കണക്കുചോദിക്കും ന്യായം വിധിക്കുകയും ചെയ്യുന്നു എന്ന് വിവേചനാപൂർവ്വം വിശ്വസിക്കാവുന്ന ഒന്നാണ്. ഇക്കാരണ ത്താലാണ് ദൈവം യേശുവിനെ ലോകത്തിലേക്കയച്ചതും ബൈബിൾ നമുക്ക് നല്കിയതും. നാം ഇവിടെ എന്തിനുവേണ്ടി യാണെന്നും ദൈവം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നതെന്ത് എന്നും അറിയാൻ അവൻ ആഗ്രഹിക്കുന്നു. യേശു പറഞ്ഞു, "എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവനുണ്ട്; ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും" (യോഹന്നാൻ 12:48).

യേശുവും ബൈബിളും നമുക്ക് വെളിപ്പെടുത്തി തരുന്ന വിസ്മ യാവഹമായ സത്യം എന്തെന്നാൽ ദൈവം നമ്മെ അവന്റെ മക്ക ളായി ദത്തെടുക്കാൻ ആഗ്രഹിക്കുന്നു എന്നതാണ്. സൂര്യനെ, ചന്ദ്രനെ, നക്ഷത്രങ്ങളെ, ഭൂമിയെ, പ്രപഞ്ചത്തെ മുഴുവനായും ഉണ്ടാക്കിയവൻ അവന്റെ നിത്യമായ ഭവനത്തിൽ എന്റെ കൂട്ടായ്മ ആഗ്രഹിക്കുന്നു! അവന്റെ പുത്രന്റെ സുവിശേഷത്താൽ അവൻ നിന്നെ അവന്റെ ഭവനത്തിലേക്ക് ക്ഷണിച്ചിരിക്കുന്നു. യേശുവി ലുള്ള വിശ്വാസത്താൽ ഞാൻ സുവിശേഷം അനുസരിക്കുമ്പോൾ, പാപങ്ങളിൽ നിന്ന് മാനസാന്തരപ്പെടുകയും യേശുവിനെ ഏറ്റു പറയുകയും, ക്രിസ്തുവിന്റെ ശരീരത്തോട് ചേരുവാൻ സ്നാന മേല്ക്കുകയും ചെയ്യുന്നു, അതോടെ അവന്റെ ആത്മീയ ഭവന ത്തിലേക്ക് ഞാൻ ദത്തെടുക്കപ്പെടുന്നു (എഫെസ്യർ 1:5; ഗലാത്യർ 4:6). വചനപ്രകാരം, ദൈവം ഉണ്ട് എന്നും നിങ്ങൾ അവന്റെ പൈതലാണെന്നും നിങ്ങൾക്ക് അറിയാൻ കഴിയുന്നു!

## പഠനചോദ്യങ്ങൾ

(*അനുബന്ധങ്ങൾ 1 ലെ ഉത്തരങ്ങൾ*)

1. ഒരാൾക്ക് ചോദിക്കാവുന്ന എറ്റവും ഉയർന്ന ചോദ്യം ഏത്?
2. "ദൈവം ഉണ്ടോ?" എന്ന ചോദ്യം എന്തുകൊണ്ട് അത്ര ഉയർന്നതാകു ന്നില്ല?
3. ബൈബിൾ എന്തോടുകൂടിയാണ് ആരംഭിക്കുന്നത്?
4. ദൈവത്തിൽ വിശ്വസിക്കുവാൻ നമ്മെ നിർബന്ധിക്കുന്ന ആദ്യത്തെ

തെളിവെന്ത്?

5. മനുഷ്യന്റെ നിലനില്പ്പിനെ വിശദീകരിക്കുന്നതിൽ നിന്നും ദൈവത്തെ മാറ്റി നിർത്തുന്ന ഏതൊരാളും നേരിടുന്ന മൂന്ന് പ്രശ്നങ്ങൾ ഏവ?